



**ഡോ. പി.എൻ സുരേഷ് കുമാർ**
പ്രൊഫസർ ഓഫ് സൈക്യാട്രി
കെ.എം.സി.ടി മെഡിക്കൽ കോളേജ് കോഴിക്കോട്

# നഗ്നമേനിയിൽ ചിത്രരചന
# സമൂഹദ്രോഹമോ മനോവൈകൃതമോ...?

**പ്ര**ശസ്തരാവുക.. അല്ലെങ്കിൽ എന്തുംചെയ്ത് കുപ്രശസ്തരാവുക... പ്രശസ്തി നല്ലതോ ചീത്തതോ ആകട്ടെ നാലാള് ശ്രദ്ധിക്കുകതന്നെ വേണം. ഇതാണ് ചിലരുടെ മാനസികാവസ്ഥ. അതിൽ നിന്നുതന്നെയാണ് നാമിന്ന് സാമൂഹ്യമാധ്യമങ്ങളിലും പത്രമാധ്യമങ്ങളിലും ചാനൽ ചർച്ചകളിലും ആഘോഷിക്കുന്ന പല വാർത്തകളും ഉണ്ടായത്. അത്തരം കുപ്രശസ്തരുടെ മാനസിക ആരോഗ്യത്തിന്റെ മതിൽക്കെട്ടിലുണ്ടാകുന്ന നേരിയ വിള്ളലുകളാണ് പല ദുരന്തങ്ങളിലും ചെന്നവസാനിക്കുന്നത്.

സ്ത്രീകൾ കേന്ദ്രകഥാപാത്രമായ വിഷയങ്ങളിൽ ഇത്തരം വാർത്തകളിൽ കാഴ്ചക്കാരേറും. പ്രസവിച്ച് ദിവസങ്ങൾക്കകം മൂത്തമകനെ വെട്ടിക്കൊല്ലുകയും പിഞ്ചുകുഞ്ഞിനെ റോഡിലേക്കെറിയുകയും ചെയ്ത പാലക്കാട്ടെ അമ്മയ്ക്ക് മാനസികപ്രശ്നങ്ങളുണ്ടായിരുന്നു

> **"അമ്മയുടെ നഗ്നത കുഞ്ഞുങ്ങളിൽ ഉണ്ടാക്കുന്ന അനുഭവം വേറെതന്നെയാണ്. കുഞ്ഞുങ്ങളെക്കാൾ അത്തരം സ്ത്രീകളെയാണ് ആദ്യം പരിഗണിക്കേണ്ടത്. പേഴ്സണാലിറ്റി ഡിസോർഡർ ഗ്രൂപ്പ് ആയി പരിഗണിക്കാം ഇവരെ. പുരുഷൻമാരെ അപേക്ഷിച്ച് നാല് തരത്തിലുള്ള സ്വഭാവവൈകല്യ രോഗങ്ങൾ സ്ത്രീകളിൽ കൂടുതലാണ്. ഹിസ്റ്ററിയോണിക് പേഴ്സണാലിറ്റി ഡിസോർഡർ, ബോർഡർലൈൻ പേഴ്സണാലിറ്റി ഡിസോർഡർ, ഡിപ്പൻഡന്റ് പേഴ്സണാലിറ്റി ഡിസോർഡർ, അവോയ്ഡന്റ് പേഴ്സണാലിറ്റിഡിസോർഡർ എന്നിവയാണവ.**

വെന്നും അവർ ചികിത്സയിലായിരുന്നുവെന്നും റിപ്പോർട്ടുണ്ട്. എന്നിരിക്കെ കാമുകനോടൊപ്പം ജീവിക്കാൻ പിഞ്ചുകുഞ്ഞിനെ പാറക്കെട്ടിലടിച്ചുകൊന്ന കണ്ണൂരിലെ അമ്മയിലും ഒരു മാനസികദൗർബല്യമുണ്ട് എന്നത് കാണാതെ പോകരുത്.

സ്വത്ത് തട്ടാൻ ഭർത്താവിനെ സയനൈഡ് നൽകി കൊന്ന ജോളി.. എന്നിങ്ങനെ ആ നിരയിലേക്കെത്തില്ലെങ്കിലും അതിനുതക്ക വാർത്താപ്രാധാന്യം നേടാനായി കഴിഞ്ഞ ദിവസം മറ്റൊരമ്മയ്ക്കും. അതുപക്ഷെ സ്വന്തം നഗ്നമേനി മക്കൾക്ക് ചിത്രരചനയ്ക്കുള്ള ക്യാൻവാസാക്കാൻ കൊടുത്തുകൊണ്ടാണ് ഇവർ വാർത്തയിലേ

ക്കുയർന്നത്. ആത്യന്തികമായി പറയട്ടെ, ഇതൊരു ക്രിമിനൽകുറ്റംതന്നെയാണ്. 12 ഉം അതിൽ താഴെയും പ്രായമുള്ള മക്കളുടെ ബാലാവകാശ സംരക്ഷണ ധ്വംസനം നടന്നിട്ടുണ്ടോ എന്നാണ് ചർച്ചകൾ. ഉണ്ട് എന്നാണ് പ്രഥമദൃഷ്ട്യാ കാണുന്നത്. അതിനാൽതന്നെയാണല്ലോ കുട്ടികൾക്കുനേരെയുള്ള അതിക്രമങ്ങൾ തടയുന്നതിനായുള്ള -പോക്സോ നിയമപ്രകാരം ഇവർക്കെതിരേ ജാമ്യമില്ലാ കേസ് എടുത്തത്. ലൈംഗിക വിദ്യാഭ്യാസം വീടുകളിൽ നിന്നുവേണം എന്നാണ് അവരതിനു പറഞ്ഞ ന്യായീകരണം. എന്നാൽ ഏതുരീതിയിൽ വിദ്യാഭ്യാസം നൽകണം എന്നത് അതിനേക്കാൾ പ്രധാനമാണ്. വിദ്യാഭ്യാസംകൊണ്ട് വിപരീതഫലം ഉണ്ടാകാൻ പാടില്ലല്ലോ.

പന്ത്രണ്ട് വയസ്സ് മാത്രമുള്ള മകൻ തന്റെ മേനിയിൽ ചിത്രരചന നടത്തുന്ന വീഡിയോ അവർ തന്റെ യൂട്യൂബ് ചാനലിൽ പോസ്റ്റ് ചെയ്തു. പ്രതീക്ഷിച്ചപോലെ സംഭവം വൈറലായി, അതിന്റെ എല്ലാ അർഥത്തിലും. അവരെ ന്യായീകരിച്ചും എതിർത്തും ആളുകൾ ചേരിതിരിഞ്ഞു. പലരും അവരുടെ വ്യക്തിസ്വാതന്ത്ര്യത്തെ ഹനിക്കരുതെന്ന് നിലപാടെടുത്തപ്പോൾ 12 വയസ്സുകാരന്റെ ബാലാവകാശധ്വംസനമാണ് മറ്റുള്ളവർ ചൂണ്ടിക്കാട്ടിയത്. എന്താണിതിന്റെ മാനദണ്ഡം.

മുമ്പും ഇതേ വ്യക്തി പലവിധ സാഹചര്യങ്ങളിൽ ചാനലുകളിലും മറ്റും നിറഞ്ഞുനിന്നവരാണ് എന്നത് നമുക്കറിയാം. അവർ ചെയ്തത് സമൂഹദ്രോഹമാണോ? അതോ മനോവൈകൃതമോ. ഇവരെ ന്യായീകരിക്കുന്നവർക്ക് പറയാനുള്ളത്, പോൺസിനിമകളിലെ നടിമാരുടെയൊക്കെ മക്കൾക്കും ഇതേ അവസ്ഥയുണ്ടായിരിക്കണമല്ലോ. എന്നിട്ടും നമ്മൾ പ്രതികരിക്കുന്നില്ലല്ലോ എന്നൊക്കെയാണ്. അമ്മയുടെ നഗ്നത കുഞ്ഞുങ്ങളിൽ ഉണ്ടാക്കുന്ന അനുഭവം വേറെതന്നെയാണ്. കുഞ്ഞുങ്ങളെക്കാൾ അത്തരം സ്ത്രീകളെയാണ് ആദ്യം പരിഗണിക്കേണ്ടത്. സ്ത്രീകളെ മുൻനിർത്തിയുള്ള ഇത്തരം പ്രശ്നങ്ങളുടെ അവലോകനമാണ് ഇത്തവണ.

പേഴ്സണാലിറ്റി ഡിസോർഡർ ഗ്രൂപ്പ് ആയി പരിഗണിക്കാം ഇവരെ. പുരുഷൻമാരെ അപേക്ഷിച്ച് നാല് തരത്തിലുള്ള സ്വഭാവവൈകല്യ രോഗങ്ങൾ സ്ത്രീകളിൽ കൂടുതലാണ്. ഹിസ്റ്ററിയോണിക് പേഴ്സണാലിറ്റി ഡിസോർഡർ, ബോർഡർലൈൻ പേഴ്സണാലിറ്റി ഡിസോർഡർ, ഡിപ്പൻഡന്റ് പേഴ്സണാലിറ്റി ഡിസോർഡർ, അവോയ്ഡന്റ് പേഴ്സണാലിറ്റിഡിസോർഡർ എന്നിവയാണവ. ഇവ ഓരോന്നും വിശദമായി നോക്കാം.

### ഹിസ്റ്ററിയോണിക് പേഴ്സണാലിറ്റി ഡിസോർഡർ (HPD)

തികച്ചും സാധാരണമായ പെരുമാറ്റങ്ങളോടെ വളരുന്ന ഇവരിൽ കൗമാരം അല്ലെങ്കിൽ ഹൈസ്കൂൾ കാലഘട്ടംമുതൽ കാര്യങ്ങൾ മാറിവരുന്നു. പ്രകടമായ വ്യത്യാസം അവരിൽ കാണപ്പെടാൻ തുടങ്ങുന്നു. വികാരപ്രകടനങ്ങളിൽ അമിതമായ പ്രാധാന്യം നൽകുന്നവരാകുമിവർ. എന്തിലും ഏതിലും അൽപം നാടകീയത ഇക്കൂട്ടരുടെ പ്രത്യേകതയാണ്. ചെറിയ സന്തോഷങ്ങളിൽപോലും പൊട്ടിച്ചിരിച്ചും വളരെ ചെറിയ കാര്യങ്ങൾക്കുപോലും പൊട്ടിക്കരഞ്ഞും വളരെ വൈകാരികമായിട്ടായിരിക്കും പ്രതികരിക്കുക. അതുകൊണ്ടിവരെ ഡ്രമാറ്റിക്/തീയേറ്ററിക് പേഴ്സണാലിറ്റി എന്നും പറയാം. മറ്റുള്ളവരുടെ ശ്രദ്ധയാകർഷിക്കാൻ ഇവർ എപ്പോഴും ശ്രമിക്കും ഏതറ്റംവരെയും പോകും. അൽപവസ്ത്രധാരണത്തിലൂടെയോ വിചിത്ര വസ്ത്രങ്ങൾ ധരിച്ചോ ഒക്കെ അവരെ കാണാം. പലപ്പോഴും വിചിത്രമായ സംഗതികൾ ചെയ്ത് ആളുകളുടെ സോഷ്യൽ മീഡിയയുടെ ഒക്കെ ശ്രദ്ധപിടിച്ചുപറ്റുന്നതിന് ശ്രമിക്കുന്ന പലരുടെയും മാനസികാവസ്ഥ ഇതാണ്.

കൊഞ്ചിക്കുഴഞ്ഞ്, ശൃംഗരിക്കുന്ന ഇവർ പക്ഷെ വളരെ ദുർബലരാണ്. ചെറിയ തിരിച്ചടികൾപോലും താങ്ങാൻ പറ്റാത്തത്ര ദുർബലർ. ബന്ധങ്ങളിൽ ആത്മാർഥത കാണില്ല. ഇന്നൊരാളെങ്കിൽ നാളെ വേറൊരാൾ അതുമല്ലെങ്കിൽ ഒന്നിൽ കൂടുതൽപേർ എന്നിങ്ങനെയാകും. തന്നെ എപ്പോഴും ആളുകൾ ശ്രദ്ധിക്കണം, പരിഗണിക്കണം... എന്നായിരിക്കും ഇക്കൂട്ടരുടെ പ്രധാന ആവശ്യം. ചെറിയ പ്രശ്നങ്ങൾപോലും ഇവരെ ആത്മഹത്യാശ്രമങ്ങളിലേക്ക് നയിക്കും. പക്ഷെ അതും 'ആത്മാർഥ'മായിരിക്കില്ല. ആളുകളെ ഒന്നു പേടിപ്പിക്കുക മാത്രമായിരിക്കും അവർ ലക്ഷ്യമിടുക, ചെറിയ അളവിൽ മരുന്ന് കഴിച്ചോ, കൈ ഞരമ്പ് മുറിച്ചോ ഒക്കെ.. പലവട്ടം അത് ചെയ്യും. ഇവരിൽ വിവാഹബന്ധം വിജയിക്കണമെന്നില്ല. ആദ്യംപറഞ്ഞ ഒന്നിലധികം ബന്ധങ്ങളുണ്ടാകുന്നതോ തന്നെ ശ്രദ്ധിക്കുന്നില്ല എന്ന തോന്നലോ അവർക്ക് താങ്ങാനാകില്ല. ചിലർ മദ്യ-മയക്കുമരുന്നുകളിലേക്ക് പോലും അഭയംതേടും. സ്വന്തമായി അഭിപ്രായമുണ്ടായിരിക്കില്ല, ആരെന്ത് പറഞ്ഞാലും അത് ശരിയെന്ന് കരുതും. ആരുടെ പക്ഷത്തേക്കും ചായും. അതിന് പലർക്കും സാധിക്കും. സമൂഹത്തിൽ 100ൽ 5% ഇവരാണ്. ഇത്തരം അതിവൈകാരികത പ്രകടമാക്കുന്നവർ സിനിമയിലും സീരിയലിലും ശോഭിക്കും.

എച്ച്.പി.ഡി ഉള്ളവർക്ക് തങ്ങൾ ചെയ്യുന്ന തെറ്റുകളിലോ കുറ്റങ്ങളിലോ മനസാക്ഷിയും കുറ്റബോധവുമുണ്ടാകില്ല. സാധാരണ ആളുകൾക്ക് ഇവരുമായി ഇടപഴകുന്നത് അൽപം ബുദ്ധിമുട്ടുതന്നെയാണ്. ഇത് പൂർണമായും ചികിത്സയിലൂടെ മാറ്റാനും സാധിക്കില്ല. കുടുംബകോടതിയിൽ ഇത്തരം കേസുകൾ നിരവധിയുണ്ടാകാറുണ്ട്. സ്വന്തം രോഗം തിരിച്ചറിയാനോ അംഗീകരിക്കാനോ സാധിക്കാത്തതിനാൽ പങ്കാളിയിലാണ് കുറ്റംമുഴുവൻ ചാർത്തപ്പെടുക. അവർ സഹകരിക്കുന്നില്ല, അവർക്കൊപ്പം കഴിയാൻ ബുദ്ധിമുട്ടാണ് എന്നതരത്തിൽ.


### ബോർഡർലൈൻ പേഴ്സണാലിറ്റി ഡിസോർഡർ (BPD)

സാധാരണ സ്വഭാവത്തിനും അസാധാരണ സ്വഭാവത്തിനും ഇടയിലെ നേർത്ത വരമ്പിലൂടെയാണ് ഇക്കൂട്ടരുടെ യാത്ര. വളരെ അപകടകരമായ ഒരു സ്വഭാവവൈകല്യമാണിത്. ഏതുനിമിഷവും അതിക്രമത്തിലേക്ക് പോകാവുന്നവരാ

ണിത്. ആളെ കൊല്ലാം, ആത്മഹത്യ ചെയ്യാം... എന്നിങ്ങനെ അതിഗുരുതരമായ അവസ്ഥ. ഈ സ്വഭാവവൈകല്യത്തിന്റെയും ലക്ഷണങ്ങൾ 18 വയസ്സിനോടകം കാണാനാകും. ഏകദേശം 30 വയസ് കഴിയുമ്പോൾ അവസ്ഥ രൂക്ഷമാകും. ഇവരിലെപ്പോഴും ശൂന്യതയായിരിക്കും. എത്ര ആളുകൾ കൂടെയുണ്ടെങ്കിലും ഒറ്റപ്പെട്ട (loneliness) അവസ്ഥ. ഇവർക്ക് വികാരവിക്ഷോഭങ്ങൾ (mood swings) വളരെപ്പെട്ടന്ന് പ്രതീക്ഷിക്കാത്ത തരത്തിൽ ആയിരിക്കും. ചെറിയ വിഷയങ്ങളിൽ പെട്ടന്ന് ദേഷ്യം, സന്തോഷം സങ്കടം ഒക്കെ വരും. splitting സ്വഭാവമുള്ള ഇവരെ സംബന്ധിച്ച് എന്തിലും രണ്ട് തലം മാത്രമേയുള്ളൂ. ഒന്നുകിൽ ഏറ്റവും നല്ലത് അല്ലെങ്കിൽ ഏറ്റവും മോശം.

തന്നെ സ്നേഹിക്കുന്നവരെ ഇവരും പരമാവധി സ്നേഹിക്കും, വെറുത്താൽ അങ്ങേയറ്റം വെറുക്കും. ഈ രണ്ട് അവസ്ഥയും അതാതിന്റെ പരമകോടിയിലായിരിക്കുമെന്നതാണ് പ്രധാനം. ചില സമയങ്ങളിൽ ഭ്രമാത്മക ലോകത്തായിരിക്കും (psychotic world). ചിലപ്പോൾ അത് വെറും മണിക്കൂറുകൾ മാത്രമായിരിക്കും മറ്റു ചിലപ്പോൾ ദിവസങ്ങളോ ആഴ്ചകളോ പിടിക്കും തിരികെയെത്താൻ.

ഇല്ലാത്ത ശബ്ദം കേൾക്കുക, സാഹചര്യങ്ങൾ അനുഭവിക്കുക.. ഇല്ലാത്ത ലോകം ഉണ്ടെന്ന് വിശ്വസിക്കുക... തുടങ്ങിയ മതിഭ്രമം (Hallucination) തോന്നും. മനസ്സിന്റെ ശൂന്യത കാരണം ഒരുകാര്യത്തിലും സന്തോഷം കണ്ടെത്താൻ കഴിയില്ല. പാട്ട്, സിനിമ ഒക്കെ അന്യമായിരിക്കും. ആത്മഹത്യാ പ്രവണത കൂടും. വിഷാദം (depression) വരാനുള്ള സാധ്യത കൂടുതലായിരിക്കും. ഒരു സന്തോഷവും ഇല്ലാതെ അക്രമാസക്തരായി തീരും. മദ്യത്തിനും മയക്കുമരുന്നിലേക്കും വിണ്ടുപോകും. ഇവർക്ക് വൈവാഹിക ജീവിതം വളരെ ബുദ്ധിമുട്ടായിരിക്കും. നിസ്സാര കാര്യങ്ങൾ ആജീവനാന്ത പ്രശ്നങ്ങളായി മാറാം. ഇത്തരം ചില കുടുംബബന്ധങ്ങളിലാണ് പലവിധ കൊലപാതകങ്ങളും മറ്റും കേൾക്കുന്നത്. ചികിത്സിച്ചു മാറ്റൽ വളരെ ബുദ്ധിമുട്ടാണെങ്കിലും സൈക്കോതെറാപ്പിയിലൂടെ ഒരുപരിധിവരെ മാറ്റാം. മൂഡ് സ്വിങ്ങ്സ് കൊണ്ടുണ്ടാകുന്ന നശീകരണ പ്രലോഭനങ്ങളെ മരുന്നിലൂടെ അതിജീവിക്കാം.




പണ്ട് കാലത്ത് ഇത് അപൂർവ രോഗമായിരുന്നെങ്കിലും ഇക്കാലത്ത് ഒപിയിൽ ദിവസം രണ്ടോ മൂന്നോ രോഗികളെത്തുംവിധം ആളുകൾ ഇതേപ്പറ്റി ബോധവാൻമാരാണ്.

## ഡിപ്പൻഡന്റ് പേഴ്സണാലിറ്റി ഡിസോർഡർ (DPD)

ഒരു ചെറിയ കാര്യം പോലും ഒറ്റയ്ക്ക് ചെയ്യാൻ സാധിക്കാത്ത ഇക്കൂട്ടർ എല്ലാ കാര്യത്തിനും മറ്റുള്ളവരെ ആശ്രയിക്കും. ആത്മവിശ്വാസമില്ലായ്മയാണ് ഇവരുടെ പ്രധാന പ്രശ്നം. പേടി, എന്തിനുമേതിനും ഒരു സഹായം ആരുടെയെങ്കിലും ഇവർക്ക് വേണം. വിവാഹിതരാണെങ്കിൽ പങ്കാളിയുടെ തണലില്ലാതെ ജീവിക്കുന്നത് ഇവർക്ക് ഓർക്കാനാവില്ല. ഒറ്റയ്ക്ക് ഷോപ്പിങ്ങിനുപോലും പോകാൻ സാധിക്കില്ല. അതുകൊണ്ടുതന്നെ പങ്കാളിയുടെ എന്ത് പ്രശ്നങ്ങളും പീഡനങ്ങളും ഇവർ സഹിക്കും. ഓഫീസിലും അതുപോലെ ആരെങ്കിലുമുണ്ടാകാം ആശ്രയിക്കാനായി. പക്ഷെ ചിലർ ഈ ആശ്രയത്വം ചൂഷണംചെയ്യും. പണമായിട്ടോ ഉപഹാരങ്ങളായിട്ടോ അതുമല്ലെങ്കിൽ ശാരീരികമായി പോലും ചൂഷണംചെയ്യപ്പെടുന്ന അവസ്ഥയുണ്ടാകും. ഇത് പിന്നീട് പല പ്രശ്നങ്ങളിലേക്കും വഴുതി മാറാറുണ്ട്. പലപ്പോഴും ഇത്തരക്കാർ സമൂഹത്തിൽ ഏറെയുണ്ടെങ്കിലും അവരെ തിരിച്ചറിയപ്പെടാറില്ല.

കുടുംബജീവിതം അത്ര പ്രശ്നതരമാകില്ലെങ്കിലും രണ്ടുപേരും ഡിപ്പൻഡന്റീവാണെങ്കിൽ സങ്കീർണമാകും. സത്യത്തിൽ നമ്മളീ 2020 കാലഘട്ടത്തിൽ ജീവിക്കുമ്പോൾ വിവാഹബന്ധത്തിന് ജാതകമല്ല നോക്കേണ്ടത്, പേഴ്സണാലിറ്റി അസെസ്മെന്റ് ആണ്. മാച്ചിങ് പെഴ്സണാലിറ്റി സെലക്ട് ചെയ്താൽ ജീവിതം സുഖമാകും.

## അവോയ്ഡന്റ് പേഴ്സണാലിറ്റി ഡിസോർഡർ (APD)

ആദ്യം പറഞ്ഞ ആശ്രയത്വസ്വഭാവമുള്ളതിന്റെ നേരെ എതിർസ്വഭാവക്കാരാണിവർ. സ്വന്തമായി തീരുമാനങ്ങളില്ല, ആത്മവിശ്വാസമില്ല, പക്ഷെ എന്നിരുന്നാലും ആരെയും സമീപിക്കില്ല. ഉറച്ച തീരുമാനമെടുക്കില്ല ഒന്നിലും. ഇത്തരം ഡിസോർഡർ കുടുംബജീവിതത്തിൽ പ്രശ്നമാണ്. വിവാഹമോചനത്തിലേക്ക് വരെ നയിക്കും. സൈക്കോതെറാപ്പിയിലൂടെ ഇവരുടെ കോൺഫിഡൻസ് ലെവൽ പരിധിവരെ ഉയർത്താൻ സാധിക്കും. സൈക്കോളജിസ്റ്റിനെയാണ് കാണേണ്ടത്.

## ആന്റി സോഷ്യൽ പേഴ്സണാലിറ്റി

ഇതൊന്നുമല്ലെങ്കിലും സ്ത്രീകളിൽ മുമ്പ് കാണപ്പെടാത്തതും എന്നാലിപ്പോൾ സ്ഥിരമായി കാണപ്പെടുന്നതുമായ ഒന്നാണ് ആന്റി സോഷ്യൽ പെഴ്സണാലിറ്റി/psychopathic personaltiy. ഇതിന്റെ ഒരംശം കൂടത്തായിയിൽ സയനൈഡ് കൊലപാതകം നടത്തിയ ജോളിയിൽ ഉണ്ട്. ക്രിമിനൽ മെന്റാലിറ്റി ഇത്തരക്കാരിൽ സ്ഥിരമാണ്. സ്വന്തം സുഖം, പണം എന്നിവയ്ക്കായി ഏതറ്റംവരെയും പോകും. ആരെയും പറ്റിക്കാനോ വഞ്ചിക്കാനോ എന്തിന് കൊല്ലാൻ പോലുമോ മടിക്കാത്തവർ. ആകർഷകമായ പെരുമാറ്റവും സംസാരവുംകൊണ്ട് പരിചയപ്പെടുന്നവരെ വലയിലാക്കാൻ പ്രത്യേക കഴിവു

# സിനിമ

**മാനസിക വൈകല്യങ്ങൾ പ്രമേയമാക്കിയ സിനിമകൾ നമ്മുടെ മലയാളത്തിൽ ഇറങ്ങുന്നത് വളരെ കുറവാണ്. എന്നാൽ ഹോളിവുഡ് സിനിമകൾ പലതിനും ഇത്തരം രോഗാവസ്ഥകൾ പ്രമേയമായിട്ടുണ്ട്. ഒരിക്കലെങ്കിലും അത്തരം ചിത്രങ്ങൾ കണ്ടിരിക്കണം. നാമിവിടെ പറഞ്ഞ ചില അവസ്ഥകൾ പ്രമേയമാക്കിയ ഹോളിവുഡ് സിനിമകൾ.**







**Mean Girls (2014)**

സംവിധാനം: മാർക്ക് വാട്ടേഴ്സ്. ഹിസ്റ്ററിയോണിക് പേഴ്സണാലിറ്റി ഡിസോർഡർ പ്രധാന പ്രമേയമായി വരുന്ന ചിത്രം. 16 വയസ്സുകാരിയുടെ സ്കൂൾജീവിതവും അതിന്റെ മാനസികസംഘർഷങ്ങളും വിശദമായി കൈകാര്യം ചെയ്യുന്ന ചിത്രം. ലിൻഡ്സെ ലോഹൻ, റേച്ചൽ മക് ആഡംസ്, ടിം മിഡോസ് എന്നിവർ കേന്ദ്രകഥാപാത്രങ്ങളെ അവതിരിപ്പിച്ച ചിത്രം വിമർശകപ്രീതി നേടി.

**Girl, interrupted (1999)**

ജെയിംസ് മാൻഗോൾഡ് സംവിധാനം ചെയ്ത ആഞ്ജലീന ജോളി ചിത്രം. ബോർഡർലൈൻ പേഴ്സണാലിറ്റി ഡിസോർഡർ പ്രമേയമായി വരുന്ന ചിത്രത്തിൽ കൗമാരക്കാരിയുടെ ആത്മഹത്യാശ്രമവും തുടർന്ന് അവളെത്തുന്ന മാനസികാരോഗ്യകേന്ദ്രത്തിൽ നിന്ന് ഒരുസംഘം അവളുടെ ജീവിതത്തിൽ വരുത്തുന്ന സ്വാധീനവുമാണ് കഥ. ബി.പി.ഡി പ്രമേയമായി നിരവധി സിനിമകളിറങ്ങിയിട്ടുണ്ട്. Basic Instinct, Fatal Attraction എന്നിവ അതിൽ ചിലതുമാത്രം.

**When a man loves a woman (1994)**

റൊമാന്റിക് ഡ്രാമ ചിത്രമായ ഇതിൽ ആൻഡി ഗാർസിയ, മെഗ് റയാൻ എന്നിവരാണ് താരങ്ങൾ. സംവിധാനം ലൂയിസ് മൻഡോകി. ഡിപ്പൻഡന്റ് പേഴ്സണാലിറ്റി ഡിസോർഡർ എന്ന വിഷയം കൈകാര്യം ചെയ്യുന്ന സിനിമ.

**Zelig (1983)**

അവോയ്ഡന്റ് പേഴ്സണാലിറ്റി ഡിസോർഡറിന് ഉദാഹരണമാണ് ഫിക്ഷണൽ ഡോക്യുമെന്ററിയായ ഈ ചിത്രം. വൂഡി അലൻ തന്നെ തിരക്കഥയും സംവിധാനവുമൊരുക്കി കേന്ദ്രകഥാപാത്രത്തെ അവതരിപ്പിച്ചിരിക്കുന്നു.

**A Clockwork Orange (1971)**

സ്റ്റാൻലി കൂബ്രിക്കിന്റെ മികച്ച ചിത്രങ്ങളിലൊന്നായ ഇത് ആന്റി സോഷ്യൽ പേഴ്സണാലിറ്റിക്ക് മികച്ച ഉദാഹരണമാണ്. തിരക്കഥയും കൂബ്രിക്കിന്റേതാണ്. മാൽകോം മക്ഡവൽ, അഡ്രീൻ കോറി എന്നിവർ കേന്ദ്രകഥാപാത്രമാകുന്നു.

ണ്ട് ഇവർക്ക്. പക്ഷെ ഇതവരുടെ മുഖാവരണമാണെന്ന് മനസ്സിലാക്കാൻ സാധിക്കുന്നിടത്താണ് വിജയം. കാഴ്ചയിൽ മിടുക്കരായ ഇവർ കൂർമകുശാഗ്രബുദ്ധിക്കാരാകും. കൊലപാതകം വഞ്ചന, മയക്കുമരുന്ന്, കള്ളക്കടത്ത്, പരപുരുഷബന്ധം എന്നിവയൊന്നും കുറ്റബോധമില്ലാതെചെയ്യും.

ഇവർക്ക് ചികിത്സ ഇല്ല. ജയിൽ ജീവിതമാണ് നല്ലത്. എന്നിരുന്നാലും മാനസാന്തരം വരാൻ ജയിലിലടയ്ക്കപ്പെടുന്ന ഇവർ അവിടെ മറ്റുള്ളവരുമായി ചേർന്ന് പുതിയ മേഖലകളിലേക്ക് വ്യാപിക്കുന്നതാണ് പതിവായി കണ്ടുവരുന്നത്. അവരെ സംബന്ധിച്ചിടത്തോളം ചെയ്യുന്ന പ്രവൃത്തിയിൽ അവർക്ക് കുറ്റബോധമില്ല, അതുകൊണ്ടുതന്നെ ആവർത്തിക്കുന്നതിന്റെ തോത് കൂടും. പത്തിരുപത് വർഷം മുമ്പ് പുസ്തകം മാത്രം വായിച്ചറിവുമാത്രമുണ്ടായിരുന്ന രോഗങ്ങൾ ഇപ്പോൾ കേരളത്തിൽ സ്ഥിരമായി കാണുന്നു. പാശ്ചാത്യവൽക്കരണത്തിന്റെ ചീത്തയായ വശമാണിത്തരം പേഴ്സണാലിറ്റി ഡിസോർഡർ.

## അവർ അമ്മയെ കണ്ടാണ് പഠിക്കുന്നത്

ചെറുപ്രായത്തിൽ കുട്ടികളിൽ പലർക്കും തങ്ങളുടെ റോൾമോഡൽ അമ്മമാരായിരിക്കും. പ്രത്യേകിച്ച് പെൺകുട്ടികൾക്ക്. അമ്മമാരുടെ ഇത്തരം പ്രശ്നങ്ങൾ കുട്ടികളിൽ വളരെ പ്രതികൂലമയി ബാധിക്കും. ഇത് ജനിതക പ്രശ്നമായതിനാൽ മക്കൾക്ക് പാരമ്പര്യമായുംഈയവസ്ഥയുണ്ടാകും.നേരത്തേ കണ്ടുപിടിച്ച് ചികിത്സ ലഭ്യമാക്കിയാൽ ചിലപ്പോൾ വ്യത്യാസപ്പെട്ടേക്കാം. എന്നിരുന്നാലും സോഷ്യൽ മീഡിയയിലും മറ്റും കുപ്രസിദ്ധി നേടുന്ന അമ്മമാരുടെ മക്കൾക്ക് സ്വാഭാവികമായും ഒരു അരക്ഷിതബോധം പിടികൂടും. അവരിൽ ആത്മാഭിമാനം കുറയും. അപകർഷത നിറയും. ബാക്കി എല്ലാവരുടെയും അമ്മ ഇങ്ങനെ യല്ലല്ലോ, എന്റെ അമ്മ മാത്രം ഇങ്ങനെയായിപ്പോയതെന്തേ എന്ന ചിന്ത അവരെ കലുഷിതരാക്കും. അത് പലപ്പോഴുംഅമ്മയോടുള്ള വൈരാഗ്യമായിപോലും മാറും.